പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2608 07.10.2016 ൽ മറുപടിക്ക്

ജലഗതാഗതം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.സുരേഷ് കുറുപ്പ്<br>,, എം.എം. ആരിഫ്<br>,, എം. മുകേഷ്<br>,, ജോൺ ഫെർണാണ്ടസ് | ശ്രീ. എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ ജലഗതാഗത വകുപ്പിന്റെ പ്രവർത്തനം പ്രതിസന്ധിയിലായിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഇല്ല. |
| (ബി) കഴിഞ്ഞ യു.ഡി.എഫ് സർക്കാരിന്റെ കാലത്ത് ഓരോ വർഷവും പ്രസ്തുത വകുപ്പിന്റെ നഷ്ടം വർദ്ധിച്ചു വന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) വെള്ളത്താൽ ചുറ്റപ്പെട്ട മറ്റ് ഗതാഗത സൗകര്യങ്ങൾ ഇല്ലാത്ത പ്രദേശങ്ങളിലെ ജനങ്ങൾക്ക് യാത്രാസൗകര്യം ഒരുക്കുന്നതിനായാണ് വകുപ്പ് സ്ഥാപിതമായത്. ടി നിലയിൽ ലാഭനഷ്ടങ്ങൾ നോക്കാതെ വകുപ്പ് ജനങ്ങൾക്ക് സേവനം നല്കിവരുന്നു. ഇന്ധന വിലയിൽ ഉണ്ടായ വർദ്ധനവ് , ജീവനക്കാരുടെ ശംബളത്തിലുണ്ടായ വർദ്ധനവ് എന്നിവയ്ക്ക് അനുസൃതമായി യാത്രാ നിരക്ക് വർദ്ധനയും അതുവഴി ലാഭം നേടുന്നതിനും വകുപ്പിന് കഴിയുന്നില്ലെന്നത് വസ്തുതയാണ്. ടിക്കറ്റ് നിരക്കിൽ കാര്യമായ വർദ്ധനവ് വരുത്തുവാൻ കഴിയാത്തത് നഷ്ടം നേരിടുന്നതിന് ഒരു പ്രധാനകാരണമായി കണക്കാക്കുന്നു. 2013 ജൂൺ മാസമാണ് അവസാനമായി നിരക്ക് വർദ്ധനവ് ഏതാണ്ട് 12 വർഷങ്ങൾക്കുശേഷം വകുപ്പ് നടപ്പിലാക്കിയിട്ടുള്ളത്. മറ്റ് ഗതാഗത സംവിധാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ തികച്ചും സാധാരണക്കാരായ ആളുകളുടെയും മറ്റ് യാത്രാസൗകര്യങ്ങൾ നിലവില്ലാത്ത പ്രദേശത്തെ ജനങ്ങളുടെയും യാത്രാമാർഗ്ഗമായ വകുപ്പ് ബോട്ടുകളിൽ വലിയ തോതിലുള്ള ഒരു നിരക്ക് വർദ്ധനവ് വരുത്താൻ കഴിയാത്ത സാഹചര്യം നിലവിലുണ്ട്. നിരക്ക് |

| | | |
|---|---|---|
| | | വർദ്ധനയ്ക്കായി നടപടികൾ സ്വീകരിക്കുക വഴി നഷ്ടം കുറയ്ക്കുവാൻ ഒരു പരിധിവരെ സാധിക്കും. ജലഗതാഗത മേഖലയിലെ വിനോദസഞ്ചാര സാധ്യതകൾ കൂടി പ്രയോജനപ്പെടുത്തി സർവീസുകൾ നടത്തുന്നുണ്ട്. ഇന്ധനചെലവ് കുറയ്ക്കുന്ന സൗരോർജ്ജം പോലുള്ള സാങ്കേതിക വിദ്യകൾ സർവീസുകളിൽ ഉൾപ്പെടുത്തുന്ന നടപടികൾ സ്വീകരിക്കുകയും ഇതിനായി പുതിയൊരു ബോട്ട് വകപ്പിനായി നിർമ്മാണം പൂർത്തിയാക്കി വരികയുമാണ് . ഇത്തരത്തിൽ നൂതന സാങ്കേതിക വിദ്യയിലുള്ള സർവീസുകൾ നടപ്പിലാക്കുക വഴി വകപ്പിന്റെ നഷ്ടം കുറയ്ക്കുന്നതിനും പ്രവർത്തനമേഖല വ്യാപിപ്പിക്കുന്നതിനും കഴിയും. |
| (സി) | വകുപ്പിന്റെ സഞ്ചിത നഷ്ടം നിലവിൽ എത്രയാണെന്ന് വ്യക്തമാക്കുമോ; | (സി) 2012-13- ലെ എ.ജി. പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ കണക്ക് പ്രകാരം വകുപ്പ് സ്ഥാപിതമായതു മുതൽ 2013 മാർച്ച് 31 വരെയുള്ള സഞ്ചിത നഷ്ടം 288.18 കോടി രൂപയാണ്. |
| (ഡി) | ഷെഡ്യൂളുകൾ നടത്തുന്ന തിലെ അപാകതകൾ പരിഹരിയ്ക്കാൻ എന്തെങ്കിലും പദ്ധതി ആസൂത്രണം ചെയ്യാനുദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ? | (ഡി) നിലവിൽ 51 ഷെഡ്യൂളുകളാണ് സംസ്ഥാനത്ത് 6 ജില്ലകളിലായി വകുപ്പ് നടത്തിവരുന്നത്. നിലവിലെ ഷെഡ്യൂളിൽ കാലാനുസൃതമായ മാറ്റങ്ങൾ പഠിക്കുന്നതിനും ഷെഡ്യൂൾ പുനക്രമീകരിക്കുന്ന തിനുമായി വകുപ്പ് സ്റ്റേഷൻമാസ്റ്റർമാർ, ചെക്കിംഗ് സ്റ്റാഫ്, ട്രാഫിക് സൂപ്രണ്ട് എന്നിവരുടെ നേതൃത്വത്തിൽ ഒരു സംഘത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ